the question according to the availability of funds. The principle of the Bill Government do accept.

മിസ്റ്റർ കെ. അയ്യപ്പൻ.— അപേക്ഷ വരുമെന്നു പ്രതീക്ഷിച്ചു കൊണ്ടു് ഈ ഇനത്തിലേക്കു സംഖ്യ നീക്കിവച്ചിട്ടുണ്ടോ?

Deputy President.—The Government have already answered.

മിസ്റ്റർ ടി. കെ. നായർ.— ഗവൺമെൻറു പറയുന്ന മറുപടികൊണ്ടു ഞാൻ വല്ലാത്ത പരിഭ്രമത്തിലായി. എൻറെ ആവശ്യം ഞാൻ ധരിച്ചിട്ടുള്ളതുപോലെ ഗവൺമെൻറിനേയും മനസ്സിലാക്കുന്നതിനു വേണ്ടി ഇതിനെ പ്രസ്സുചെയ്യുന്നു.

Motion was put and carried.

34. Investment of greater powers to Village Panchayats.

Mr. K. M. Kunhi Moideen.—"*This Council recommends to the Government to invest the Village Panchayats with greater powers so as to make them real self-governing institutions*".

വില്ലേജു പഞ്ചായത്തുകളെ യഥാർത്ഥ സ്വയംഭരണസ്ഥാപനങ്ങളായി രൂപാന്തരപ്പെടുത്തുന്നതിനു് ചുരുക്കമായ വിധത്തിൽ അവയ്ക്കു കൂടുതൽ അധികാരം കൊടുക്കണമെന്നുള്ളതാണു ഈ പ്രമേയത്തിൻറെ താല്പര്യം. വില്ലേജുപഞ്ചായത്തുകൾക്കു അതിശോഭനമായ ഒരു ചരിത്രമുണ്ടെന്നുള്ളതു് എന്നപോലെ നിങ്ങളും അറിയുന്ന ഒരു സംഗതിയാണു്. ഭാരതത്തിൻറെ വിഖ്യാതിക്കു വളരെ മാറ്റു കൂട്ടിയിട്ടുള്ള ഏറ്റവും മഹനീയമായിട്ടുള്ള സ്വയംഭരണ സ്ഥാപനങ്ങളാണു് ഈ വില്ലേജു പഞ്ചായത്തുകൾ. ഇങ്ങിനെ നമ്മുടെ നാട്ടുകാർക്കും നമ്മുടെ രാജ്യത്തിനും യഥാർത്ഥ നന്മ നൽകിയിട്ടുള്ള വില്ലേജു പഞ്ചായത്തുകളുടെ നേരെ കൊച്ചീഗവൺമെൻറു കാണിക്കുന്ന നയം ഏറ്റവും ആക്ഷേപാർഹമായിരിക്കുന്നു. വില്ലേജുപഞ്ചായത്തുകളുടെ സൽഭരണമാണു് ഒരു രാജ്യത്തിൻറെ ഐശ്വര്യമെന്നുള്ളതു് നാം ആദ്യം ആലോചിക്കണം. വില്ലേജുകളാണു രാജ്യത്തിൻറെ അടിസ്ഥാനം. ആ വില്ലേജുകളുടെ പരിഷ്കരണമാണു് ഏറ്റവും പ്രഥമമായിട്ടുള്ള ആവശ്യം. പ്രത്യേകിച്ചു് ഡിസെൻറലൈസേഷൻ ഇപ്പോൾ ഗവൺമെണ്ടിൻറെ ഒരു നയവിശേഷമായി തീർന്നിരിക്കുന്ന ഈ അവസരത്തിൽ വില്ലേജുകളെ സംബന്ധിച്ചു് കൂടുതൽ പരിഷ്കരണത്തിനുള്ള മാർഗ്ഗങ്ങളും അധികാരങ്ങളും വില്ലേജുകാരിൽതന്നെ നിക്ഷേപിക്കുകയാണു് സ്വന്തം മാതൃകയെ ഓർത്തെങ്കിലും നമ്മുടെ ഭരണസാരഥികൾ പ്രവൃത്തിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് എനിക്ക പ്രധാനമായി ഗവമ്മെൻറിനോട പറയുവാനുള്ളത് പട്ടണങ്ങളുടെ ഭരണം സംബന്ധിച്ച് മുനിസിപ്പാലിറ്റികൾക്ക എതെല്ലാം അധികാരങ്ങൾ നൽകപ്പെട്ടിട്ടുണ്ടോ അതുപോലെയുള്ള അധികാരങ്ങൾ വില്ലേജുകളുടെ പരിഷ്കരണത്തെ സംബന്ധിച്ച് വില്ലേജുപഞ്ചായത്തിനും കൊടുക്കണമെന്നാണ്. ഓരോ ഇനങ്ങളിലായി നികുതിപിരിക്കുവാനും ആ നികുതികൾ മുനിസിപ്പാലിറ്റിയുടെ ഹിതമനുസരിച്ച് ചിലവഴിക്കുവാനുമുള്ള അധികാരം മുനിസിപ്പാലിറ്റിക്കുണ്ട്. ഇപ്പോൾ നടപ്പിൽ വന്നിട്ടുള്ള ഗ്രാമനികുതികൾ പിൻവലിക്കുവാൻ ഗവമ്മെണ്ടുദ്ദേശിക്കുന്നില്ലെങ്കിൽ, അതിൽനിന്നുള്ള വരവോ, ഭൂനികുതിയിൽനിന്നു ക്ലിപ്തമായ ഒരു ശതമാനമോ, അതാതു പഞ്ചായത്തുകളുടെ ആയ കണക്കായി പരിഗണിക്കയും, ഗ്രാമീണപരിഷ്കരണത്തിനു പഞ്ചായത്തുകളുടെ ഹിതമനുസരിച്ചു അതു വ്യയം ചെയ്യുവാൻ അനുവദിക്കുകയുമാണു ഗവമ്മെണ്ടു ചെയ്യേണ്ടതു്.

രണ്ടാമതായി ഒരു സംഗതി പറയുവാനുള്ളത് നീതിന്യായപരിപാലനത്തിൽ വില്ലേജു പഞ്ചായത്തുകൾക്കുള്ള സ്ഥാനത്തെക്കുറിച്ചാണ്. നീതിന്യായ പരിപാലനം എപ്പോഴും ചിലവുചുരുങ്ങിയ വിധത്തിൽ പ്രജകൾക്ക നല്കേണ്ടതു ഗവമ്മെൻറിൻെറ മുമതലയാണ്. വില്ലേജുപഞ്ചായത്തുകൾക്ക് ക്രിമിനലും സിവിലുമായ അധികാരം നൽകപ്പെട്ടനപക്ഷം നീതിന്യായത്തെ സംബന്ധിച്ചിടത്തോളം പൊതുജനങ്ങൾക്ക വലിയ വ്യയഭാരം വന്നുചേരുന്നതല്ല. അതുകൊണ്ടു എല്ലാ പഞ്ചായത്തുകൾക്കും സിവിൽ അധികാരം ഉടനെ നൽകുകയും ബ്രിട്ടീഷിലുള്ളതുപോലെ ക്രിമിനൽ അധികാരം പരീക്ഷാർത്ഥം ചില പഞ്ചായത്തുകൾക്കെങ്കിലും തല്ക്കാലം അനുവദിക്കുകയും വേണ്ടതാണ്. എന്നാൽ ഈവക നിർദ്ദേശങ്ങളെ സംബന്ധിച്ച് ഗവമ്മെൻറു ശ്രദ്ധിക്കുമെന്നു വിചാരിക്കുവാൻ നിവൃത്തിയില്ലാത്തവിധം അതു അതുപ്പിപരമായ നയമാണ് പഞ്ചായത്തുകാരോടു അനുവർത്തിക്കുന്നതു്. പഞ്ചായത്തുകൾ ഗവമ്മെൻറിൻെറ ഏജൻറുകൾ എന്നുള്ള നിലയല്ലാതെ പഞ്ചായത്തിന്നു് സ്വയമായി പ്രവൃത്തിക്കുവാൻ വേണ്ട സൌകര്യം ഗവമ്മെൻറു ചെയ്തുകൊടുക്കുന്നില്ല. അബദ്ധങ്ങൾ വന്നാലും സ്വന്തം അഭിപ്രായങ്ങൾ നടപ്പിൽ വരുത്തുവാൻ അധികാരമില്ലാത്ത സ്വയംഭരണ സ്ഥാപനങ്ങൾ ഒരിക്കലും അഭിവൃദ്ധി പ്രാപിക്കയില്ല. അതുകൊണ്ടു പഞ്ചായത്തുകളുടെ നിർദ്ദേശങ്ങളേയും ശുപാർശകളേയും ഗവമ്മെൻറു ബഹുമാനപൂർവ്വം സ്വീകരിക്കേണ്ടതാണ്. ഇങ്ങിനെ ചെയ്യുന്നപക്ഷം പഞ്ചായത്തുകളെക്കൊണ്ടു യഥാർത്ഥമായ പ്രയോജനം പൊതുജനങ്ങൾക്കു ലഭിക്കുന്നതാണ്.

* മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—സർ, ഞാൻ ഈ പ്രമേയത്തെ വളരെ ബലമായി പിന്താങ്ങുന്നു. ഈയിടയിൽ ചീഫ് ജസ്റ്റീസ് അവർകൾ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ചില പഞ്ചായത്ത കോർട്ടകൾ പരിശോധിക്കുകയും മൻസിപ്പുകോർട്ടി നോട തുല്യമായി പഞ്ചായത്ത കോർട്ടകളും നടക്കുന്നുണ്ട് എന്ന റി മാർക്സ് എഴുതുകയും ചെയ്തിട്ടുണ്ട്. ദിവാൻജി അവർകൾ ചില പ ഞ്ചായത്ത കോർട്ടകൾ പരിശോധിക്കുകയും വളരെ നല്ല അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പിന്നെ ഇന്നത്തെ ചോദ്യത്തിന്ന് മറുപടിയായിട്ട് മൻസിപ്പുകോർട്ടിൽ ഉള്ള താമസംപോലെ പഞ്ചാ യത്തിൽ താമസമില്ലെന്ന പറഞ്ഞിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തുക ളെല്ലാം വളരെ തൃപ്തികരമായിട്ട നടക്കുന്നുണ്ടെന്ന് ഗവമ്മെൻറിന ബോദ്ധ്യം വന്നിട്ടുണ്ട്. ഇനി കൂടുതൽ അധികാരം പഞ്ചായത്തിന കൊടുത്തില്ലെങ്കിൽ അതു കീഴ്പ്പോട്ട പോകുമെന്നാണ് ഞാൻ പറയു ന്നതു്. ഇപ്പോൾ പഞ്ചായത്തിലുള്ള മെമ്പർമാർ മിക്കപേരും പഞ്ചാ യത്ത ഡയറക്ടരുടെ ശമ്പളക്കാരുടെ നിലയിലാണെന്നപോലും ശങ്കി ക്കേണ്ടിവരുന്നു. അതു കാരണം ചില പഞ്ചായത്തിൽ മെമ്പർമാർ ആ കുവാൻക്രൂടി ചിലർ ശങ്കിക്കുന്നു. കൂടുതൽ അധികാരം കൊടുത്താൽ പഞ്ചായത്തിന്ന് വളരെ അഭിവൃദ്ധിവരുന്നതാണ്. അതുകൊണ്ടു ഞാ ൻ ഈ പ്രമേയത്തെ ബലമായി പിന്താങ്ങുന്നു.

* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, ഭാരതസാമ്രാജ്യത്തെ ഒരു കൊടുമുടിയാക്കി സൃഷ്ടിച്ച ആ മാഹാത്മാവു് അതായതു് ആധുനിക കൊച്ചിയുടെ സൃഷ്ടികർത്താവായ സ്ഥാനത്യാഗംചെയ്ത മഹാരാജാവു തിരുമനസ്സുകൊണ്ടു തന്റെ പ്രജകൾക്കുവേണ്ടി സ്ഥാപിച്ചുകൊടുത്തി ട്ടുള്ള ഒരു സ്ഥാപനമാണ് ഈ വില്ലേജ് പഞ്ചായത്തു്. ഇതിന്റെ ആരംഭത്തിൽ ഇതു് റവന്യൂ ഡിപ്പാർട്ടമെൻറു ഭരണത്തിൻകീഴിലായി രുന്നു. അതു അടുത്തകാലത്തു ഒരു രജിസ്ട്രാരുടെ കീഴിലാക്കി കുറെ കഴിഞ്ഞപ്പോൾ അതു ശിവന്റെ മാതിരി രണ്ടു ഭാവ്യമാരുള്ള ഒരു ഭർത്താ വാക്കി. അതുകഴിഞ്ഞു് ഒരു ഭാവ്യക്കു രണ്ടു ഭർത്താവാക്കി. (ചിരി) ഇ ങ്ങിനെയൊക്കെ അതു മാറി മറിച്ചു. ഇതുകൊണ്ടു പഞ്ചായത്തിന്ന എന്തു പരിഷ്കാരമാണ് വന്നിട്ടുള്ളതെന്ന മനസ്സിലാകുന്നില്ല. മറു ള്ള ഓരോ സൌകര്യത്തെ നോക്കി അധികാരം പ്രവൃത്തിക്കുകയല്ലാതെ നാട്ടുകാരുടെ സൌകര്യത്തിന്നുവേണ്ടിയോ പഞ്ചായത്തുകൾ വേണമെ ന്ന ആദ്യംതന്നെ അഭിപ്രായപ്പെട്ട ആ മഹാത്മാവിന്റെ ആദർശപ്രകാ രമോ യാതൊന്നും പഞ്ചായത്തുകൾക്കു കിട്ടിവരുന്നില്ലെന്നാണ് എ നിക്കു ഇവിടെ പറയുവാനുള്ളതു്. പഞ്ചായത്തുമായിട്ട എനിക്കു കു റച്ചു പരിചയമുണ്ട്. ചില പഞ്ചായത്തുകോടതികളിൽ കേസുകൊ ടുത്തു അതു വിധിയായാൽ പണം മേടിക്കുവാനും അതു രാജികൊടുക്ക വാനും വക്കീൽ അറിയാതേയും കക്ഷി അറിയാതേയും ഇടയാകുന്നുണ്ട്. ആ മഹാത്മാവിന്റെ ആദർശത്തെ വ്യഭിചരിക്കാത്ത ഒരു നില പഞ്ചാ യത്തിന്ന വരുമെന്നു വിചാരിക്കാം. ഇപ്പോൾ പഞ്ചായത്തുകാർ 'Mere puppets in the hands of the departmental head" ആണ്.

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

സ്വയംഭരണപരിശീലനം എന്നും മറ്റും പറഞ്ഞുകൊണ്ട്, എട്ടുകണ്ണൻ വരുന്നു; പത്തുകണ്ണൻ വരുന്നു; എന്നൊക്കെ കുട്ടികളുടെ കരച്ചിൽ മാറ്റുവാൻ പറയുന്നതുപോലെ, വെറുതെ പണം ചിലവുചെയ്യരുതു്. പണം ചിലവുചെയ്യണമെങ്കിൽ ശരിയാട്ടുള്ള മാർഗ്ഗത്തിൽക്കൂടി ചിലവുചെയ്യണം. ഇപ്പോൾ ഗവൺമെൻറു് മൈനർ മുനിസിപ്പാലിറ്റീസു് ഉണ്ടാക്കുവാൻ പോകുന്നു എന്നു പറഞ്ഞു. എന്തുവന്നാലും ജനങ്ങൾക്കു ബുദ്ധിമുട്ടാണു്. ഞാൻ ചെന്നു മുത്തപ്പനെ കണ്ടാലും മുത്തപ്പൻവന്നു് എന്നെ കണ്ടാലും എനിക്കാണു വിഷമം. എങ്ങിനെയായാലും ഗവൺമെൻറിനു് നികുതി പിരിക്കാം. മുനിസിപ്പാലിറ്റിസിൽ കെട്ടിടം വച്ചാൽ 1¼ക കൊടുക്കണം. പിന്നെ ക്ഷേത്രത്തിന്നു കൊടുക്കണം. ഇങ്ങിനെ എല്ലാത്തിന്നും നികുതി കൊടുക്കേണ്ടിവരും. പഞ്ചായത്തുകാരോടു കുറെ ഔദാര്യം കാണിക്കണമെന്ന അപേക്ഷയോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

*മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.— സർ, ഞാനും ഈ പ്രമേയത്തെപ്പറ്റി രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നു. ഈ പ്രമേയത്തെ എതിർക്കുകയോ അനുകൂലിക്കുകയോ എന്താണു വേണ്ടതു് എന്നു എനിക്കു സംശയമായിരിക്കുന്നു. അതിനു പ്രധാനമായ കാരണം ഇപ്പോഴത്തെ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽ കാണുന്ന പ്രത്യക്ഷ ദൃഷ്ടങ്ങളാണു്. അതിനു ശരിയായിട്ടുള്ള പരിഹാരം അവർക്കു് അധികാരം കൊടുക്കാതിരിക്കുകയായിരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഈ അവസരത്തിൽ അവർക്കു അധികാരം കൊടുത്താൽമാത്രം പോര, ഡിപ്പാർട്ടുമെൻറു മേലധികാരികളും പഞ്ചായത്തുകളിലെ മെമ്പർമാരോടു സഹകരിച്ചു പ്രവൃത്തിച്ചില്ലെങ്കിൽ നാട്ടിനു ഇതുകൊണ്ടു ഉപകാരപ്രദമാക്കുവാൻ കഴിവുള്ള ഉദ്യോഗസ്ഥനെ ഗവൺമെൻറിൽനിന്നും നിയമിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഞാൻ അതിനെ സംബന്ധിച്ചു അധികമൊന്നും സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. ഒരു പഞ്ചായത്തിലെ ചില സംഗതികളും എടുത്തുപറയാം. അതിൽനിന്നു് ഉദാഹരിക്കേണ്ടതായ അനുമാനങ്ങൾ നിങ്ങൾതന്നെ അനുമാനിച്ചുകൊള്ളണം.

എൻറെ നിയോജകമണ്ഡലത്തിൽപെട്ട ക്രുക്കഞ്ചേരിയിൽ ഒരു പഞ്ചായത്തുണ്ടു്. ആ പഞ്ചായത്തു വളരെക്കാലമായി സിവിലധികാരം കൊടുത്തിട്ടുള്ള ഒന്നാണു്. ഏറ്റവും നല്ല സ്ഥിതിയിൽ യാതൊരാക്ഷേപം വരാത്തവിധത്തിൽ ഇന്നോവരെ നടത്തിവന്ന ഒരു കോടതിയാണു് അതു്. അവിടെ കഴിഞ്ഞ മിഥുനത്തിൽ കുറെ മെമ്പർമാരുടെ സ്ഥാനത്തിനും ഒഴിവുവന്നു. ഉടനെതന്നെ അവിടെ തിരഞ്ഞെടുപ്പും നടത്തി. അതിനുശേഷം ചില മെമ്പർമാരെ നോമിനേറ്റുചെയ്യുകയും ചെയ്തു. എന്നാൽ ഇന്നോവരെ ആ കോടതിയിൽ അന്നു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുത്ത മെമ്പർമാരിൽ നാലു മെമ്പർമാക്ക് സിവിലധികാരം കൊടുത്തുകഴിഞ്ഞിട്ടില്ല. അവക്ക് സിവിലധികാരം കൊടുക്കാത്തതുകൊണ്ടു ഈ കഴിഞ്ഞ മിഥുനം 19-ാംന- മുതൽ ഈ മീനം 12-ാംന- വരെ അവിടെ കോടതി നടക്കുകയുണ്ടായിട്ടില്ല. എന്റെ അറിവിൽ അവിടെ കാലഹരണമാകുന്ന അന്യായം മാത്രമേ ഫയൽചെയ്യുന്നുള്ളൂ. ഇങ്ങിനെ ഏതാണ്ടു നൂറിൽചിലപാനം അന്യായം ഫയൽ ചെയ്തിട്ടുണ്ട്. വിധിനടത്തുവാനാണെങ്കിൽ നൂറിൽചിലപാനം ഉണ്ടു. വളരെ ആളുകൾ അന്യായം കൊടുക്കുവാൻ കാത്തുനിൽക്കുന്നുണ്ടു. ആ പഞ്ചായത്തുകോർട്ടിന്റെ തിരഞ്ഞെടുപ്പു കഴിഞ്ഞതിന്റെ ശേഷം മെമ്പർമാരെ നോമിനേറു ചെയ്തിട്ടും ഇന്നേവരെ തിരഞ്ഞെടുത്ത മെമ്പർമാക്ക് സിവിലധികാരം കൊടുക്കാതിരിക്കുന്നതിന്റെ കാരണം എന്താണെന്നു് ഞങ്ങൾക്കറിവില്ല. ഈ തിരഞ്ഞെടുക്കപ്പെട്ട നാലു മെമ്പർമാർ ഏതാണ്ടു ഒരു കുടുംബത്തിന്റെ പേർ വഹിക്കുന്നതുകൊണ്ടു് അങ്ങിനെയുള്ള ഒരു കുടുംബത്തിൽനിന്നുള്ള ആളുകൾ ഒരു പഞ്ചായത്തിൽ മെമ്പർമാരാകുവാൻ പാടില്ല എന്നു് ഒരു നിയമം അംഗീകരിക്കണമെന്നു് പഞ്ചായത്തധികൃതൻ ഗവമ്മെണ്ടിനോടപേക്ഷിച്ചതായിട്ടു എനിക്കറിയാം.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.— കുടുംബത്തിന്റെ പേർ എന്താണു്?

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.— അടയാട്ടു് എന്നാണു്. അവർ പഞ്ചായത്തു് ഉദ്യോഗത്തിൽ ഇരിക്കുന്ന സമയത്തു വേറെ മൂന്നു മെമ്പർമാരെ നോമിനേറുചെയ്തു. അതിൽ ഒരാളെ പ്രസിസണ്ടു ആക്കുവാൻ സാധിക്കാതെ വന്നതാണു് ഈ കുഴപ്പത്തിനൊക്കെ കാരണം. പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിനു് ഏതു അധികാരം കൊടുത്താലും അതു ഭരിക്കുവാൻ ഏല്പിച്ചിട്ടുള്ള ആളും ഏറ്റവും നല്ല മനോഭാവത്തോടുകൂടി മെമ്പർമാരുമായി സഹകരിച്ചു വർത്തിച്ചില്ലെങ്കിൽ ഇങ്ങിനെയുള്ള അധികാരംകൊണ്ടു് ആശിക്കുന്നതു ഫലമുണ്ടാകുന്നതല്ല. ക്രൂക്കഞ്ചേരി പഞ്ചായത്തു് ഗവമ്മെണ്ടു നടത്തുവാൻപോകുന്നുണ്ടെങ്കിൽ, അവക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നില്ലെങ്കിൽ മുമ്പു നടന്നിരുന്നപ്രകാരമെങ്കിലും, ശരിയായിട്ടു് നടത്തണമെന്നാണു് ഞാൻ പറയുന്നതു്.

Dr. E. S. R. Menon.—Sir, I beg to inform the House that some time next month we are holding a Panchayat Conference. All these things will come up for discussion in that Conference and the resolutions passed in the Conference will be submitted to Government for orders. Government will consider all the resolutions and pass necessary orders on them. I should like to say also something more; but I do not think that I should say it here now.

LIBRARY ARCHIVES Kerala Legislative Assembly

Mr. E. Ikkanda Warriar.—I may be contradicted; I have no objection.

Deputy President.—The Government Member has already said that he does not like to say anything more now and I think he is perfectly right in saying so.

*മിസ്റ്റർ കെ. എം. ഇബ്രാഹിം.— സർ, ബഹുമാനപ്പെട്ട പബ്ലിക്ക ഹെൽത്ത് മെമ്പറുടെ സമാധാനം വളരെ തൃപ്തികരമാണെന്നുള്ളതിൽ എനിക്ക വളരെ സന്തോഷമുണ്ട്. നമ്മുടെ ഭാരതത്തിന്റെ പൊതുവെ ഒരു പഞ്ചായത്ത് സംസ്കരണമാണ് ഉള്ളത്. പഞ്ചായത്തുകളുടെ സംസ്കാരംകൊണ്ടും ഭരണംകൊണ്ടും പരിഷ്കാരംകൊണ്ടുമാണ് ഗ്രാമീണരായ കർഷകർ കഴിഞ്ഞുകൂടിയിരുന്നതെന്ന് നമുക്ക ചരിത്രത്തിൽ കാണുവാൻ സാധിക്കുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്തിന്റെ ഒരു വലിയ ഭാഗധേയമാണ് ഉള്ളത്. അതിന്റെ പുനരുദ്ധാരണം എന്ന നിലക്ക ഇതിന പ്രാധാന്യം കൊടുക്കണമെന്നാണ് ഞാൻ പറയുന്നത്. കൊച്ചി രാജ്യത്തിലെ പഞ്ചായത്തിന എന്തധികാരമാണ് ഉള്ളതെന്ന ഞങ്ങൾക്കറിയാം. ഈ നിയമസഭക്ക കൂടുതൽ അധികാരം കൊടുക്കാത്ത കൂട്ടരാണൊ പിന്നെ പഞ്ചായത്തിന കൊടുക്കുവാൻ പോകുന്നത്? ഞങ്ങൾക്കിവിടെ അധികാരം കിട്ടുവാൻവേണ്ടി റസല്യൂഷൻ കൊണ്ടുവരുന്നു. കട്ട് മോഷൻ കൊണ്ടുവരുന്നു, അഡ്ജോൺമെന്റ് മോഷൻ കൊണ്ടുവരുന്നു, വാദിക്കുന്നു, ചിലപ്പോൾ തള്ളുന്നു, ചിലപ്പോൾ ബഡ്ജറ് ഒന്നാകെ തള്ളുന്നു, ബായിക്കോട്ടചെയ്യുന്നു, ഇങ്ങിനെ പലേ നിലയിൽ പ്രതിഷേധം കാണിച്ചിട്ടും പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല (ചിരി) എന്ന മട്ടിൽ ഗവമ്മെണ്ടു ഉറച്ചുതന്നെ നില്ക്കുന്നു. ഈ കാര്യത്തിൽ പൊതുജനാഭിപ്രായം അനുകൂലമാണ് എന്നു ഗവമ്മെണ്ടിനെ അറിയിക്കുവാൻ എന്റെ പ്രസംഗം സഹായമായി തീരട്ടെ എന്നുമാത്രം ആശംസിച്ചുകൊണ്ട് ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— സർ, അടുത്ത നടക്കുവാൻപോകുന്ന പഞ്ചായത്ത കാൻഫറൻസ് പ്രമേയത്തിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളെ സംബന്ധിച്ചു ആലോചനചെയ്യുന്നതാണെന്നു ഡയറക്ടർ അവർകൾ പറയുന്നതുകൊണ്ട് ആ കാൻഫറൻസിന്റെ നിർദ്ദേശങ്ങൾ ഗവമ്മെണ്ടു സ്വീകരിക്കുമെന്നും സ്വീകരിക്കണമെന്നുമുള്ള പ്രത്യാശയോടും അഭ്യർത്ഥനയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻവലിക്കുന്നു.

Resolution was, by leave, withdrawn.

35. Organisation of Cottage Industries.

Mr. E. Ikkanda Warriar.—*"This Council recommends to the Government to organise Cottage Industries on a universal scale throughout the State".*

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly